**മധുരമായ കുട്ടികളെ - ഇപ്പോൾ സ്വയം ഭഗവാൻ നിങ്ങളുടെ മുന്നിൽ ഹാജരായി ശ്രദ്ധിക്കുന്നുണ്ട്, ഭഗവാൻ സ്വർഗ്ഗമാകുന്ന സമ്മാനവുമായി വന്നിരിക്കുന്നു, അതു കൊണ്ട് അപാരസന്തോഷത്തിലിരിക്കു.**

**ചോദ്യം:** അച്ഛൻ തന്റെ കുട്ടികൾക്ക് ഏതൊരനുഗ്രമാണ് നല്കുന്നത്?
**ഉത്തരം:** കുട്ടികളെ തനിക്ക് സമാനം ജ്ഞാനസമ്പന്നരാക്കുക- ഇതാണ് ബാബയുടെ അനുഗ്രഹം. ഈ ജ്ഞാനത്തിന്റെ ആധാരത്തിലൂടെ നരനിൽനിന്നും ശ്രീനാരായണനാകുന്നു. കുട്ടികളെ ഞാൻ നിങ്ങൾക്ക് രാജയോഗത്തിന്റെ പഠിപ്പ് നൽകി രാജാക്കന്മാരുടെയും രാജാവാക്കുന്നു എന്ന് ബാബ പറയുന്നു. എനിക്കല്ലാതെ മറ്റാർക്കും ഇങ്ങനെയുള്ള അനുഗ്രഹം നൽകാൻ സാധിക്കില്ല.

**ഗീതം:** എന്നെ ആശ്ലേഷിക്കൂ....

**ഓം ശാന്തി.** ഇത് ഈ സമയത്തെ ബന്ധനസ്ഥരായവരുടെ വിളിയാണ് കാരണം  ലോകത്തിലുള്ളവർ മുഴുവനും ദു:ഖിതരാണ്. അതിലും ഗോപികമാർ വളരെ ദു:ഖിതരാണ്. ഞങ്ങൾക്ക് സഹിക്കാൻ പറ്റുന്നില്ല എന്നവർ പാടുന്നു. ഭക്തിയിൽ വിളിച്ചുകൊണ്ടിരിക്കുന്നു എന്നാൽ ഭഗവാൻ ആരാണെന്ന് അവർക്കറിയില്ല. ഇവിടെയുള്ള ഗോപികമാർക്കറിയാം എന്നാൽ ബന്ധനസ്ഥരാണ്, ദുഃഖിതരാണ്. ബാബ ഞങ്ങളെ കഴുത്തിലെ മാലയാക്കണം എന്നാഗ്രഹിക്കുന്നു. ശിവന്റെ രുദ്രമാല പ്രശസ്തമാണ്. ഇപ്പോൾ ബ്രാഹ്മണ ബ്രാഹ്മണിമാർ ആഗ്രഹിക്കുന്നു ഞങ്ങൾ ശിവബാബയുടെ കഴുത്തിൽ കോർക്കപ്പെടണം. കാരണം ഇപ്പോൾ സ്ത്രീ പുരുഷന്മാർ ആസുരീയമായ കഴുത്തിലെ മാലയാണ്. പെൺകുട്ടികൾ ആഗ്രഹിക്കുന്നു ഞങ്ങൾക്ക് ഈശ്വരീയ കഴുത്തിലെ മാലയാകണം. തീർച്ചയായും ബാബ ഹാജരാണ് അതുകൊണ്ടാണ് പറയുന്നത്. പ്രതിജ്ഞ എടുക്കുമ്പോൾ പറയാറുണ്ട്, ഈശ്വരൻ ഹാജരായി ശ്രദ്ധിക്കുന്നുണ്ട് എന്ന് മനസ്സിലാക്കി സത്യം പറയുന്നു. ഗവൺമെന്റിന്റെ വലിയ വലിയ മന്ത്രിമാരും പ്രതിജ്ഞ എടുക്കുന്നു. ഗീത കയ്യിലെടുക്കുന്നു കാരണം ഭാരതത്തിന്റെ ധർമ്മശാസ്ത്രമാണ്. ഒരേ ഒരു ഈശ്വരനിൽ പ്രതിജ്ഞയെടുക്കുന്നു, സർവ്വതും ഈശ്വരനാണെന്നല്ല, സർവ്വരിലും പ്രതിജ്ഞയെടുക്കുന്നില്ല. അപ്പോൾ തീർച്ചയായും ബാബ എപ്പോഴോ വന്നിട്ടുണ്ടായിരിക്കും. ഇപ്പോളല്ല. കേവലം നിങ്ങൾക്കു മാത്രം ഹാജരാണ്, ബാബ നിങ്ങൾ കുട്ടികളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. ശിവരാത്രി ആഘോഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും വന്നിട്ടുണ്ടായിരിക്കും ! എങ്ങനെ വന്നു, വന്നിട്ടെന്തു ചെയ്തു ഇതാർക്കും അറിയില്ല. ഇത്ര വലിയ സോമനാഥ ക്ഷേത്രമുണ്ട് എന്നാൽ ഭഗവാൻ വന്ന് എന്താണ് ചെയ്തതെന്ന് അറിയില്ല. കാരണം ശിവന് പകരം കൃഷ്ണന്റെ പേരിട്ടു. സംഗമയുഗം കളഞ്ഞ് ദ്വാപരയുഗത്തിന്റെ പേരിട്ടു. നിങ്ങൾ കുട്ടികൾക്കറിയാം ബാബ നിരാകാരിയാണ്, ബാബയ്ക്ക് മനുഷ്യരെപ്പോലെ ആകാരമില്ല. ഇപ്പോൾ ബാബ നമ്മുടെ സന്മുഖത്തിരിക്കുന്നു. നിങ്ങളിപ്പോൾ ബാബയെ നേരിട്ട് കാണുന്നു. തീർച്ചയായും ജ്ഞാനത്തിന്റെയും ആനന്ദത്തിന്റെയും സാഗരനാണ്. ജ്ഞാനം നൽകുന്നു, ഇതാണ് ബാബ നൽകുന്ന ആനന്ദം. ഈ ജ്ഞാനത്തിന്റെ ആനന്ദത്തിലൂടെ നിങ്ങൾ നരനിൽനിന്നും നാരായണനാകുന്നു. ബാബ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ സ്വയം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ബാബ സ്വയം പറയുന്നു, ഓമനകളായ കുട്ടികളെ, ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരുടെയും രാജാവാക്കുന്നു. കൃഷ്ണന് പഠിപ്പിക്കാൻ സാധിക്കില്ല. കൃഷ്ണൻ സ്വയം രാജാക്കന്മാരുടെയും രാജാവാകുന്നു. അതുകേവലം ഒരു കൃഷ്ണനോ ലക്ഷ്മീ നാരായണനോ മാത്രമായിരിക്കില്ല. അത് മുഴുവൻ സൂര്യവംശീ കുലമായിരുന്നു. അവരുടെ രാജ്യം ഇപ്പോൾ മായ തട്ടിയെടുത്തു. ഇപ്പോൾ ഞാൻ വീണ്ടും സൻമുഖത്ത് വന്നിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരുടെ സന്മുഖത്ത് പ്രത്യക്ഷമായിരിക്കുന്നു.

ബാബ ഇത്രയും ദൂര ദേശത്തിൽ നിന്നാണ് വന്നിരിക്കുന്നത് എങ്കിൽ തീർച്ചയായും സമ്മാനം കൊണ്ടുവന്നിട്ടുണ്ടായിരിക്കും. ലൗകീക അച്ഛൻ വരുമ്പോൾ എത്ര സമ്മാനങ്ങൾ കൊണ്ടുവരുന്നു. ഈ ബാബ സർവ്വരുടെയും അച്ഛനാണ്. ഈ അച്ഛനെ എല്ലാവരും തന്നെ ഓർമ്മിക്കുന്നു. ദൂരെ ദേശത്തുനിന്നു വരുമ്പോൾ വെറും കയ്യോടെ വരുമോ? ഞാൻ നിങ്ങൾക്കുവേണ്ടി സമ്മാനം കൊണ്ടുവരുന്നു. അതൊരു മനുഷ്യർക്കും കൊണ്ടുവരുവാൻ സാധിക്കാത്തതാണ് എന്ന് ബാബ പറയുന്നു. ഞാൻ സ്വർഗ്ഗം കൊണ്ടുവരുന്നു. എത്ര വലിയ സമ്മാനമാണ്. അവിടെയെത്ര സുഖമാണെന്ന് ബാബ സാക്ഷാത്കാരവും ചെയ്യിപ്പിക്കുന്നു. അംഗ-പ്രത്യംഗം സുഗന്ധമായിരിക്കും. ലക്ഷ്മീ നാരായണന്റെ അംഗ അംഗങ്ങളിൽ സുഗന്ധമാണ്. ഈ ശരീരമാണെങ്കിൽ കീടാണുക്കളാൽ നിറഞ്ഞതാണ്. ബാബ കീടങ്ങളെ എടുത്ത് വണ്ടാക്കുന്നു. ഇവിടത്തെ

ശരീരമാണെങ്കിൽ കീടാണുക്കളാൽ നിറഞ്ഞ രോഗിയാണ്. അവിടുത്തെ ശരീരം എത്ര സുന്ദരമായതാണ്. ക്ഷേത്രങ്ങളിലും എത്ര സുന്ദരമായ മൂർത്തികളെയാണുണ്ടാക്കുന്നത്. ഇപ്പോളത്തെ ശരീരത്തിനും ആ ശരീരത്തിനും എത്ര വ്യത്യാസമാണ്. ഈ ഭാരതം ഇന്ദ്രപ്രസ്ഥമായിരുന്നു. അയ്യായിരം വർഷത്തെ കാര്യമാണ്. അവിടെ ആത്മാവും ശരീരവും രണ്ടും പവിത്രമായിരുന്നു. ബാബ നിങ്ങളെ കല്ലിന്റെ പാത്രത്തിൽനിന്നും സ്വർണ്ണപാത്രമാക്കി മാറ്റുന്നു. ബാബ നിങ്ങളുടെ പൂർണ്ണ സേവനം ചെയ്ത് എന്തിൽ നിന്ന് എന്താക്കുന്നു. അച്ഛന്റെയും പാർട്ടെന്താണ്, പിന്നെ ടീച്ചർ സദ്ഗുരുവിന്റെ പാർട്ടും അഭിനയിക്കുന്നു. ബാബയ്ക്ക് അച്ഛനോ ടീച്ചറോ ഗുരുവോ ഇല്ല. നിങ്ങളുടെ ലൗകീക അച്ഛന് തീർച്ചയായും അച്ഛൻ, ടീച്ചർ, ഗുരു ഉണ്ടായിരിക്കും. എനിക്കാരുമില്ല എന്ന് ശിവബാബ പറയുന്നു. എന്നാൽ ബാബയുടെ കർത്തവ്യത്തെക്കുറിച്ച് ആർക്കുമറിയില്ല. സ്വർഗ്ഗത്തെക്കുറിച്ച് അറിയാത്തിടത്തോളം തങ്ങൾ നരകത്തിലാണെന്ന് ആർക്കും തന്നെ മനസിലാക്കാൻ സാധിക്കില്ല. ഗ്രന്ഥത്തിൽ വായിക്കുന്നു- മുഷിഞ്ഞ വസ്ത്രം....... എന്നാൽ ഇത് തങ്ങളെക്കുറിച്ചാണെന്നവർ മനസ്സിലാക്കുന്നില്ല. ജ്ഞാനം നൽകി കറുത്തവരെ വെളുപ്പിക്കാൻ ബാബ വന്നിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ജ്ഞാനസൂര്യൻ, ജ്ഞാന ചന്ദ്രനാകുന്നു. സന്ന്യാസിമാർക്ക് പവിത്ര പ്രവൃത്തിമാർഗ്ഗം നയിക്കാൻ സാധിക്കില്ല. ഞാൻ നിങ്ങളെ രാജാക്കന്മാരുടെ രാജാവാക്കും എന്നവർക്ക് പറയാൻ സാധിക്കില്ല. അവർ നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. ബാബാ ഞങ്ങളിൽ ശക്തിയുണ്ട്, ഒരുമിച്ചിരുന്നു കൊണ്ടും പവിത്രമായിരിക്കാൻ സാധിക്കും, ഏതെങ്കിലും കന്യകമാർക്ക് അടി കിട്ടുകയാണെങ്കിൽ കന്യകയെ ബന്ധനത്തിൽ നിന്ന് മോചിപ്പിച്ച് ഗാന്ധർവ്വ വിവാഹം ചെയ്യാൻ സാധിക്കും, ഞങ്ങൾ വികാരത്തിൽ കത്തി മരിക്കില്ല. ജ്ഞാനത്തിന്റെ വാൾ ഇടയിൽ വെയ്ക്കും, രണ്ട് പേരും ബ്രാഹ്മണ ബ്രാഹ്മണിയാണ്, സഹോദര-സഹോദരിമാർ എങ്ങനെ വിഷം കുടിക്കും . ശാസ്ത്രങ്ങളിലും ഗാന്ധർവ്വ വിവാഹത്തെ കുറിച്ച് എഴുതിയിട്ടുണ്ട്. എന്നാൽ അതിന്റെ അർത്ഥത്തെ കുറിച്ച് മനസിലാക്കുന്നില്ല. നാരി നരകത്തിന്റെ വാതിൽ ആണെന്ന് സന്ന്യാസിമാർ പറയുന്നു. ഒരുമിച്ചിരുന്ന് പവിത്രമായിരിക്കാൻ സാധിക്കാൻ അവരുടെ അടുത്ത് ജ്ഞാനത്തിന്റെ വാൾ ഇല്ല. നിങ്ങൾ അവരേക്കാൾ സമർത്ഥൻമാർ ആണ്, കാമ ചിതയിൽ നിന്ന് മാറി ജ്ഞാനത്തിന്റെ ചിതയിൽ ഇരിക്കുന്നു. അതുകൊണ്ട് കറുത്തവരിൽ നിന്ന് വെളുത്തവരാകുന്നു. സന്ന്യാസിമാർ ഇന്നത്തെ കാലത്ത് വിവാഹവും കഴിപ്പിച്ച് വിടുന്നു, പള്ളികളിലും വിവാഹം നടത്തുന്നു. അല്ലെങ്കിൽ ക്രിസ്തുവിനെ എന്തുകൊണ്ടാണ് കുരിശിൽ കയറ്റിയത്? ഈ പവിത്രതയുടെ കാരണത്താലാണ്. പവിത്രമാകൂ എന്ന് പറയാൻ ഇയാൾ ആരാണ് എന്ന് ചോദ്യമുണ്ടായി. ആപത്തുകളൊക്കെ ഉണ്ടാകുന്നുണ്ട്. ഇവിടെയും ശിവബാബയുടെ മേൽ വരുന്നില്ല എന്നാൽ ശിവബാബ പ്രവേശിച്ചിരിക്കുന്ന ഈ ലോംഗ് ബൂട്ടിന്റെമേൽ(ബ്രഹ്മാബാബ) വരുന്നു. വഴിയിലൂടെ പോയികൊണ്ടിരുന്നപ്പോൾ ബ്രാഹ്മണൻ കുടുങ്ങി......എന്ന് പറയാറുണ്ട്. പഴയ ചെരുപ്പല്ലേ. ഞാൻ കൃഷ്ണനാണെന്ന് ഈ ബ്രഹ്മാവ് പറയുന്നില്ല. രാജയോഗം പഠിക്കുകയാണെങ്കിൽ നരനിൽ നിന്ന് നാരായണനാകും എന്ന് പറയാറുണ്ട്, എന്നാൽ ഇപ്പോ ഉല്ല. അതുപോലെ ഞങ്ങൾ നരനിൽ നിന്ന് നാരായണനാകും, നാരിയിൽ നിന്ന് ലക്ഷ്മിയാകും .ക്ഷത്രിയർ ആയവർ തോൽക്കില്ല എന്ന് കുട്ടികൾക്ക് നിശ്ചയമുണ്ട്. രാമന് 33 ൽ കുറഞ്ഞ മാർക്ക് കിട്ടിയതുകൊണ്ടാണ് ചന്ദ്രവംശത്തിലേക്ക് പോയത്. ഇങ്ങനെ സൂര്യവംശികൾ ചന്ദ്രവംശി കുലത്തിലേക്കു വരുന്നു. അപ്പോൾ (സത്യയുഗത്തിന്റെ അന്ത്യത്തിൽ) ലക്ഷ്മീ നാരായണൻ സീതാരാമന് രാജ്യം നൽകുന്നു. ലക്ഷ്മീ നാരായണൻ പുനർജ്ജന്മം എടുത്തെടുത്ത് ത്രേതായുഗത്തിലേക്ക് വരുന്നു, രാജ കുലത്തിൽ ജന്മം എടുത്തു കൊണ്ടിരിക്കുന്നു. പിന്നെ സീതാ-രാമനെന്ന പേരിലറിയപ്പെടുന്നു. ലക്ഷ്മീ നാരായണനെന്ന പേര് ഇല്ലാതാകുന്നു.

ഇപ്പോൾ ചോദ്യം ചോദിക്കുന്നു, സ്വദർശനചക്രം എന്താണ്? (ഒന്നുരണ്ടു പേരോട് ചോദിച്ചു.) അതെ, ഇത് ചക്രമാണ്. എങ്ങനെയാണ് ദേവതയിൽ നിന്ന്, വൈശ്യർ, ശൂദ്രർ.... ഇപ്പോൾ ബ്രാഹ്മണ വർണത്തിലേക്ക് വരുന്നത്.... ഈ ചക്രം എത്രത്തോളം കറക്കുന്നുവോ അത്ര വികർമ്മം വിനാശമാകും, ഇതിലൂടെയാണ് രാവണന്റെ കഴുത്തറുക്കുന്നത്. പരിധിയില്ലാത്ത അച്ഛനോട് നിങ്ങൾ കുട്ടികൾക്ക് അളവറ്റ സ്നേഹമാണ്. നിങ്ങൾ പറയുന്നു ബാബാ ഞങ്ങൾ അങ്ങ് വേർപിരിയുന്നത് സഹിക്കുകയില്ല. ബന്ധനത്തിൽ കിടക്കുന്ന ഇങ്ങനെയുള്ള പെൺകുട്ടികളുമുണ്ട്. അവർ പിടയുന്നു. കാരണം ഇത് മാതാവും പിതാവുമാണ്... ഒന്ന് ജഗദംബ മാതാവാണ്, അവരെ സർവ്വരും ഓർമ്മിക്കുന്നു. എന്നാൽ ജഗദംബയുടെ പിതാവാരാണ്. ബ്രഹ്മാവാണെന്ന് ആർക്കുമറിയില്ല, സരസ്വതിയുടെ അച്ഛനാണ്. ഈ സരസ്വതി തന്നെയാണ് പിന്നീട് ലക്ഷ്മിയാകുന്നതെന്ന് പൂജാരിമാർക്കറിയില്ല. 84 ജന്മങ്ങളെടുത്ത് പിന്നെ ഇതേ സരസ്വതിയാകുന്നു. ഈ ജ്ഞാനം ഈ ബ്രഹ്മാവിന്റെ കൈവശമില്ലായിരുന്നു. ഈ ബ്രഹ്മാവിന് നേരത്തെ ഈ ജ്ഞാനമുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഏതെങ്കിലും ഗുരുവിൽനിന്നും ലഭിച്ചതായിരുന്നിരിക്കും. പിന്നെ ആ ഗുരുവിന്റെ മഹിമയും പാടുമായിരുന്നു. പിന്നെ ആ ഗുരുവിന് ശിഷ്യന്മാരുമുണ്ടാകും, അവരും ഈ ജ്ഞാനം പറയുമായിരുന്നു. എന്നാൽ ഇത് പറഞ്ഞത് ബാബയുടെ സാകാര ഗുരുവല്ല. ബാബ പറയുന്നു ഞാൻ നിങ്ങളുടെ

അച്ഛൻ , ടീച്ചർ , ഗുരുവാണ്. ഞാൻ ഈ പഴയ ചെരുപ്പിലിരുന്ന് പഠിപ്പിക്കുന്നു. അപ്പോൾ ഈ ബ്രഹ്മാവ് മാതാവാകുന്നു. അതുകൊണ്ട് ബ്രഹ്മാവിനെ മാതാ പിതാവെന്ന് പറയുന്നു. നിങ്ങൾ മാതാ പിതാവെന്ന് പാടുന്നത് ബ്രഹ്മാവിനെയോ സരസ്വതിയെയോ ആകാൻ സാധ്യമല്ല. ബ്രഹ്മാവല്ല വൈകുണ്ഠം രചിക്കുന്നത്. അച്ഛൻ അച്ഛനാണ് , പിന്നെ ഈ ബ്രഹ്മാവ് നിങ്ങളുടെ അമ്മയാണ്. കലശം ആദ്യം ലഭിക്കുന്നത് ഈ ബ്രഹ്മാവിനാണ്. എന്നാൽ സരസ്വതിയുടെ മഹിമ വർദ്ധിപ്പിക്കുവാനായി സരസ്വതിയെ മുന്നിൽ വെച്ചു. ജ്ഞാനത്തിന്റെ ദേവി എന്ന സരസ്വതിയുടെ പേര് പ്രശസ്തമാണ്. വിദ്വൽ സദസ്സിലും സരസ്വതിയുടെ പേര് വെയ്ക്കുന്നു.

ശരി. ബാബ പറയുന്നു. എത്ര മനസ്സിലാക്കിതന്നു, എത്ര മനസ്സിലാക്കിതരും, മൻമനാഭവ. കേവലം എന്നെയും എന്റെ സമ്പത്തിനെയും മാത്രം ഓർമ്മിച്ചു എങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിലേക്കു പോകും. അവിടെയും സംഖ്യാക്രമത്തിലായിരിക്കുമല്ലോ. സൂര്യവംശത്തിലും റോയലായ ദാസ ദാസിമാരുണ്ടായിരിക്കും. പ്രജകൾക്കും ദാസ ദാസിമാരുണ്ടായിരിക്കും. ചന്ദ്രവംശി രാജാ റാണിക്കും ദാസ ദാസിമാരുണ്ടായിരിക്കും. അതെല്ലാം ഇവിടെയാണ് തയ്യാറാകുന്നത്. അഥവാ ഇപ്പോൾ നിങ്ങൾ ശരീരം ഉപേക്ഷിച്ചാൽ പോയി എന്തായിത്തീരും? എന്ന് ബാബയോട് ചോദിച്ചാൽ പറയാൻ സാധിക്കും. ശരി എന്തെങ്കിലും കാര്യം മനസ്സിലാകുന്നില്ല എങ്കിൽ ചോദിക്കൂ. ഓർമ്മയിൽ വയ്ക്കൂ – യോഗം ശരിയല്ലായെങ്കിൽ ആ സുഖം ഉണ്ടാവുകയില്ല. ശോകവാടികയിലിരിക്കും, സ്വർഗ്ഗമാണ് അശോകവാടിക. സീത അശോകവാടിയികയിലല്ല, ശോകവാടികയിലായിരുന്നു. ഇപ്പോൾ എല്ലാവരും ശോകവാടികയിലല്ലേ ഇരിക്കുന്നത്. അറിയുകയില്ല യുദ്ധമുണ്ടായാൽ എന്താകുമെന്ന്. മനുഷ്യർക്ക് ഈ ചിന്തയുണ്ട്. യുദ്ധത്തിലൂടെ സ്വർഗ്ഗത്തിന്റെ ഗേറ്റ് തുറക്കപ്പെടും എന്ന് നമ്മൾ പറയുന്നു.

ശരി . ഓർമ്മയിൽ വെയ്ക്കൂ, സത്യമായ ഹൃദയത്തിൽ യജമാനൻ തൃപ്തനാകും. അഥവാ ഉള്ളിൽ പിശാചുണ്ടെങ്കിൽ വിഘ്നമിട്ടുകൊണ്ടിരിക്കും. എങ്കിൽ പിന്നെ കടുത്ത ശിക്ഷകൾ അനുഭവിക്കും. ചാരന്മാർക്ക് സാധാരണ കടുത്ത ശിക്ഷ ലഭിക്കാറുണ്ട്, ബാബ സുപ്രീം ജഡ്ജാണ്. (കൃഷ്ണന്റെ ചിത്രം കാണിച്ചുകൊണ്ട്) നോക്കൂ ഈ കൃഷ്ണന്റെ മേലും എത്ര കളങ്കം ചാർത്തി. ഈ കൃഷ്ണൻ വസ്ത്രം ഒന്നും മോഷ്ടിച്ചിട്ടില്ല കൂടാതെ കംസനെയോ ജരാസന്ധനെയോ കൊന്നിട്ടില്ല. കൃഷ്ണന്റെയും മുഖം കറപ്പിച്ചു കാണിച്ചു. ശരി.

ബാപ്ദാദ നിങ്ങൾ കുട്ടികളുടെ സന്മുഖത്ത് ഹാജരാണ്. നിങ്ങളുടെ കൺമുന്നിലുണ്ടെന്ന് നിങ്ങൾ പറയും. പതീതമായ ചെരുപ്പിൽ വന്നിരിക്കുന്നു. ഭഗവാൻ സ്വയം പറയുന്നു ഞാൻ പതീതമായ ചെരുപ്പിൽ പ്രവേശിച്ചിരിക്കുന്നു. അപ്പോളേ പാവനമാകു. ഇപ്പോൾ ബ്രഹ്മാവിന്റെ രാത്രിയാണ്, എങ്കിൽ ബ്രഹ്മാവും രാത്രിയിലായിരിക്കുമല്ലോ. പിന്നെ, വിഷ്ണു ആകുമ്പോൾ പകലാകും. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് സ്നേഹ സ്മരണകൾ നല്കുന്നു. ദാദയെന്നോ ഗുപ്തമായ അമ്മയെന്നോ പറയാം. അതിശയകരമായ ജ്ഞാനമാണ്. ബാപ്ദാദ മധുര മധുരമായ സന്താനങ്ങൾക്ക് സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ചെന്ന് എന്തുകൊണ്ടാണ് പറയുന്നത്? ബാബയെ പോലെ സേവനം ചെയ്താലേ ബാബ സ്നേഹിക്കു എന്നറിയാം. എങ്ങനെയൊക്കെയാണ് സഹായിക്കുന്നത്, അവരും പ്രജയിലേക്ക് വരില്ലേ. അതിലും സംഖ്യാക്രമത്തിൽ ധനികരായ പ്രജകൾ കാണില്ലേ. ശരി. സുപ്രഭാതം. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം –

1) സത്യമായ യജമാനനെ തൃപ്തനാക്കുവാൻ വളരെ വളരെ സത്യമായ ഹൃദയത്തോടിരിക്കണം, ഒരു വിഘ്നവും ഇടരുത്.

2) സുഖത്തിന്റെ അനുഭവമുണ്ടാകുവാൻ തന്റെ യോഗം ശരിയായി വെയ്ക്കണം. സ്വദർശന ചക്രം കറക്കി വികർമ്മങ്ങളെ ഭസ്മമാക്കണം.

**വരദാനം:- വേറിട്ട അവസ്ഥയിൽ സ്ഥിതി ചെയ്ത് കാര്യങ്ങൾ ചെയ്യുന്ന സർവ്വരുടെയും, പരമാത്മാ സ്നേഹത്തിന്റെയും അധികാരിയായി ഭവിക്കട്ടെ.**

ബാബ എല്ലാവരിൽ നിന്നും വേറിട്ടതാണ്, പക്ഷെ എല്ലാവരുടെയും സ്നേഹിയാണ്. വേറിട്ട അവസ്ഥ തന്നെയാണ് സ്നേഹിയാക്കി മാറ്റുന്നത്. എത്രയും തന്റെ ദേഹത്തിന്റെ ബോധത്തിൽ നിന്ന് വേറിട്ടുകൊണ്ടിരിക്കുന്നുവോ അത്രയും സ്നേഹിയാകും. ഇടക്കിടക്ക് ഈ അഭ്യാസം ചെയ്യൂ, ദേഹത്തിൽ പ്രവേശിച്ച് കർമ്മം ചെയ്തു ഉടനെ വേറിട്ട സ്ഥിതിയിലിരുന്നു. അങ്ങനെ വേറിട്ട അവസ്ഥയിൽ സ്ഥിതി ചെയ്യുന്നതിലൂടെ കർമ്മവും നന്നാകും ബാബയുടെയും സർവ്വരുടെയും പ്രിയപ്പെട്ടവരാകുകയും ചെയ്യും. പരമാത്മാ സ്നേഹത്തിന് അധികാരിയാകുക –എത്ര വലിയ പ്രയോജനമാണ്.

**സ്ലോഗൻ:- ശുഭഭാവനയുടെ സ്റ്റോക്ക് ഫുൾ ആണെങ്കിൽ വ്യർത്ഥത്തിന് ഫുൾസ്റ്റോപ്പിടാൻ സാധിക്കും.**

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ–

## ആത്മാവിനൊരിക്കലും പരമാത്മാവിന്റെ അംശമാകാൻ സാധിക്കില്ല.

ഞങ്ങൾ ആത്മാക്കൾ പരമാത്മാവിന്റെ അംശമാണെന്നാണ് പലരും ധരിച്ചിരിക്കുന്നത്, ഇപ്പോൾ അംശമെന്ന് പറയുന്നത് കഷണത്തെയാണ്. ഒരു വശത്ത് പറയുന്നു, പരമാത്മാവ് അനന്തവും അവിനാശിയുമാണെന്ന്, എങ്കിൽ അങ്ങനെയുള്ള അവിനാശിയായ പരമാത്മാവിനെ കഷണമാക്കുന്നതെങ്ങനെ! പരമാത്മാവിനെ മുറിക്കാൻ എങ്ങനെ സാധിക്കും, ആത്മാവ് തന്നെ അജരവും അമരനും ആണെങ്കിൽ ആത്മാവിന് ജന്മം കൊടുത്ത പരമാത്മാവും തീർച്ചയായും അമരനായിരിക്കും. അങ്ങനെയുള്ള അമരനായ പരമാത്മാവിനെ കഷണമാക്കുകയെന്നാൽ പരമാത്മാവിനെയും വിനാശിയെന്ന് പറയലാണ്. പക്ഷെ നമുക്കറിയാം നാം ആത്മാക്കൾ പരമാത്മാവിന്റെ സന്താനങ്ങളാണെന്ന്, അപ്പോൾ നാം പരമാത്മാവിന്റെ വംശജരായി അതായത് മക്കളായി. പിന്നെ അംശം എങ്ങനെയാകും? അതിനാൽ പരമാത്മാവിന്റെ മഹാവാക്യമാണ്, കുട്ടികളെ ഞാൻ സ്വയം അനശ്വരമാണ്, തെളിഞ്ഞ ജ്യോതിയാണ്, ഞാൻ ദീപമാണ് ഒരിക്കലും അണയുകയില്ല , പക്ഷെ സർവ്വ മനുഷ്യാത്മാക്കളുടെ ദീപവും തെളിയുന്നുമുണ്ട്, അണയുന്നുമുണ്ട്. അവരെല്ലാവരെയും ഉണർത്തുന്നത് പിന്നെ ഞാനാണ് എന്തുകൊണ്ടെന്നാൽ ലൈറ്റും മൈറ്റും നൽകുന്നത് ഞാനാണ്, പരമാത്മാവായ എന്റെ ലൈറ്റും ആത്മാവിന്റെ ലൈറ്റും രണ്ടും തമ്മിൽ അവശ്യം വ്യത്യാസമുണ്ട് എന്ന കാര്യം ഉറപ്പാണ്. കൂടുതൽ പവറുള്ള ബൾബും കുറഞ്ഞ പവറുള്ള ബൾബുമുണ്ടല്ലോ, അതേപോലെ ആത്മാവും ചിലത് കൂടുതൽ പവറുള്ളതും കുറഞ്ഞ പവറുള്ളതുമുണ്ട്. ബാക്കി പരമാത്മാവിന്റെ പവറിന് ഒരിക്കലും ഏറ്റക്കുറച്ചിലുണ്ടാകില്ല, അതുകൊണ്ടാണ് പരമാത്മാവിനെക്കുറിച്ച് പറയാറുള്ളത് സർവ്വശക്തിവാനെന്ന്, അതായത് സർവ്വാത്മാക്കളെക്കാളും പരമാത്മാവിന് ശക്തി കൂടുതലുണ്ട്. പരമാത്മാവ് തന്നെയാണ് സൃഷ്ടിയുടെ അന്തിമ സമയത്ത് വരുന്നത്. പരമാത്മാവ് സൃഷ്ടിയുടെ മദ്ധ്യസമയത്താണ് വരുന്നതെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അഥവാ യുഗേ യുഗേ വരുന്നുവെങ്കിൽ, പരമാത്മാവ് ഇടക്ക് വെച്ച് വന്നാൽ പിന്നെ പരമാത്മാവ് സർവ്വരിലും ശ്രേഷ്ഠനാകുന്നതെങ്ങനെ. പരമാത്മാവ് യുഗേ യുഗേ വരുന്നുവെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ എന്താ പരമാത്മാവ് എപ്പോഴും തന്റെ ശക്തി പ്രയോഗിക്കുകയാണോ? ഇടക്ക് വെച്ച് തന്നെ തന്റെ ശക്തി കൊണ്ട് സർവ്വർക്കും ശക്തി അഥവാ സദ്ഗതി നൽകുകയാണെങ്കിൽ പിന്നെ അവരുടെ ശക്തി സ്ഥിരമായിരിക്കേണ്ടതായിരുന്നു, പിന്നെ എന്തുകൊണ്ട് ദുർഗ്ഗതി പ്രാപിച്ചു പോകുന്നു, സർവ്വശക്തിവാന്റെ ശക്തി ഇപ്രകാരമാണോ? അപ്പോൾ ഇതിലൂടെ തെളിയുന്നു, പരമാത്മാവ് യുഗേ യുഗേ വരുന്നില്ല അതായത് ഇടക്ക് വെച്ച് വരുന്നില്ല. വരുന്നത് കല്പത്തിന്റെ അന്തിമ സമയത്ത് അതും ഒരു പ്രാവശ്യം മാത്രം തന്റെ ശക്തികളാൽ സർവ്വരുടെയും സദ്ഗതി ചെയ്യുന്നു. പരമാത്മാവ് ഇത്രയും മഹത്തായ സേവനം ചെയ്തതിനാലാണ് ഓർമ്മക്കായി വലിയ ശിവലിംഗം ഉണ്ടാക്കിയതും ഇത്രയും പൂജ ചെയ്യുന്നതും. അതിനാൽ പരമാത്മാവ് അവശ്യം സത്യവുമാണ് ചൈതന്യവുമാണ്, ആനന്ദ സ്വരൂപവുമാണ്. ഓം ശാന്തി.